"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആയുഷ് - ഭാരതീയ ചികിത്സ വകുപ്പ് - ശ്രീമതി. സംഗീത എസ് നായർ, ഫാർമസിസ്റ്റ് ഗ്രേഡ്-2, വള്ളികുന്നം ഗവ. ഡിസ്പെൻസറി -നിലവിലുള്ള ചട്ടത്തിൽ ഇളവ് വരുത്തി അന്തർ ജില്ല സ്ഥലം മാറ്റം അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആയുഷ് (എ ). വകുപ്പ്

സ.ഉ.(കൈ) നം.17/2025/AYUSH തീയതി,തിരുവനന്തപുരം, 25-08-2025

---

പരാമർശം:-

1. സംഗീത എസ് നായർ സമർപ്പിച്ച 08.11.2024-ലെ അപേക്ഷ
2. ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടറുടെ 21.01.2025, 03.06.2025 തീയതികളിലെ DISM/3348/2024-E2 നമ്പർ കത്തുകൾ
3. തിരുവനന്തപുരം ജില്ലാ കലക്ടറുടെ 24.03.2025 തീയതിയിലെ DCTVM/3486/2025-26 നമ്പർ കത്ത്

<u>ഉത്തരവ്</u>

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ ആലപ്പുഴ ജില്ലയിൽ വള്ളികുന്നം ഗവ ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന സംഗീത എസ് നായർക്ക് സഹതാപാർഹ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ കേസ് ആയി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി ആലപ്പുഴ ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

2. 04.07.2022 ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീമതി സംഗീത എസ് നായർ ആലപ്പുഴ ജില്ലയിൽ 5 വർഷ സേവനം പൂർത്തീകരിച്ചിട്ടില്ല. ടിയാളുടെ 4 വയസ്സുള്ള മകന് "cystinuria" എന്ന അപൂർവ്വവും എന്നാൽ ഗുരുതരവുമായ രോഗമാണെന്നും, ടിയാളുടെ മകൻ തിരുവനന്തപുരം SAT ആശുപത്രിയിലെ ചികിത്സയിലാണെന്നും ടിയാളുടെ മകന് മാതാവിന്റെ സ്ഥിരമായ സാന്നിധ്യവും പരിചരണവും ആവശ്യമായതിനാൽ ടിയാളുടെ അപേക്ഷ അനുകമ്പാർഹമായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ശ്രീമതി സംഗീത എസ് നായർക്ക് തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന കാര്യം സർക്കാർ തലത്തിൽ ഉത്തരവാകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3. ഭാരതീയ ചികിത്സാ വകുപ്പിൽ ആലപ്പുഴ ജില്ലയിൽ വള്ളികുന്നം ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 ആയി ജോലി ചെയ്തു വരുന്ന ശ്രീമതി സംഗീത എസ് നായരുടെ 14.01.2020 -ൽ ജനിച്ച ഋതുകേശ് കെ.എസ്. എന്ന കുട്ടിയുടെ അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും പരിശോധിച്ചതിൽ കിഡ്നി സംബന്ധമായ അസുഖം ആണെന്ന് കാണുന്നുണ്ടെന്നും അപേക്ഷകയുടെ മകന്റെ തുടർ ചികിത്സയ്ക്കായി മാതാവിന്റെ സാന്നിദ്ധ്യം

അനിവാര്യമാണെന്നും, ടി സാഹചര്യത്തിൽ ടിയാളുടെ അപേക്ഷ അനുകമ്പാപൂർവ്വം പരിഗണിക്കാവുന്നതാണെന്നുംപരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിൽ വള്ളികുന്നം സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സംഗീത എസ് നായർക്ക്, 02.12.1991 സ.ഉ(പി)നം. 36/91/ P&ARD നം. ഉത്തരവിലെ ഖണ്ഡിക 5-ലെ വ്യവസ്ഥ പ്രകാരം മാനുഷിക പരിഗണന നൽകി അന്തർജില്ലാ സ്ഥലംമാറ്റത്തിന് അഞ്ചുവർഷം സേവനം പൂർത്തിയാക്കണമെന്ന നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, ഇതൊരു പ്രത്യേക കേസായി പരിഗണിച്ച്, ആലപ്പുഴ ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ , ഭാരതീയ ചികിത്സ വകുപ്പ് ,തിരുവനന്തപുരം
ശ്രീമതി .സംഗീത എസ് നായർ, ഫാർമസിസ്റ്റ് ഗ്രേഡ്-2 (ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ &ഇ ) കേരള , തിരുവനന്തപുരം
പൊതുഭരണ (എസ് സി ) വകുപ്പ് (ഇനം -3189 തീയതി 20.08.2025)
ഡയറക്ടർ വെബ് &ന്യൂ മീഡിയ ,ഐ &പി ആർ ഡി
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Baiju G
Date: 25-08-2025 12:01:49
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

*രഹസ്യം*

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 20-08-2025**

ഫയൽ നം. എ1/310/2024/ആയുഷ്. ഇനം നം: 3189

വിഷയം : ആയുഷ് വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പ് - ഫാർമസിസ്റ്റ് ഗ്രേഡ് II ശ്രീമതി. സംഗീത എസ് നായർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആയുഷ് വകുപ്പ്.

20.8.2025

VS

3189

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | എ 1/310/2024-ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | ഭാരതീയ ചികിത്സാ വകുപ്പ്-ഫാർമസിസ്റ്റ് ഗ്രേഡ് II ശ്രീമതി സംഗീത എസ് നായർക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നത്- സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 26.07.2025 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | ഇല്ല |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല<br>ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി സീമ എസ് |
| 8. കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. രാജൻ എൻ. ഖൊബ്രഗഡെ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 31.07.2025 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ ജയതിലക് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 11.8.2025 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി വീണാ ജോർജ്ജ് |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14.08.2025 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 16.08.2025 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 20-08-2025 |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | സ.ഉ(കൈ)നം.17/2025/ആയുഷ് തീയതി-25-8-2025 |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ ആലപ്പുഴ ജില്ലയിൽ വള്ളികുന്നം ഗവ ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന സംഗീത. എസ് നായർക്ക് ആലപ്പുഴ ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതു സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. ശ്രീമതി.സംഗീത എസ് നായർ-ന്റെ 4 വയസ്സുള്ള മകന് "cystinuria" എന്ന അപൂർവ്വവും എന്നാൽ ഗുരുതരവുമായ രോഗമാണെന്നും, ടിയാളുടെ മകൻ തിരുവനന്തപുരം SAT ആശുപത്രിയിലെ ചികിത്സയിലാണെന്നും ടിയാളുടെ മകന് മാതാവിന്റെ സ്ഥിരമായ സാന്നിധ്യവും പരിചരണവും ആവശ്യമാണെന്നും ആയതിനാൽ മാനുഷിക പരിഗണന നൽകി ടിയാൾക്ക് തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് ശ്രീമതി.സംഗീത എസ് നായർ നിവേദനം സമർപ്പിച്ചിരുന്നു.

3. 04.07.2022 ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീമതി സംഗീത എസ് നായർ ആലപ്പുഴ ജില്ലയിൽ 5 വർഷ സേവനം പൂർത്തീകരിച്ചിട്ടില്ല. ടിയാളുടെ 4 വയസ്സുള്ള മകന് "cystinuria" എന്ന അപൂർവ്വവും എന്നാൽ ഗുരുതരവുമായ രോഗമാണെന്നും, ടിയാളുടെ മകൻ തിരുവനന്തപുരം SAT ആശുപത്രിയിലെ ചികിത്സയിലാണെന്നും ടിയാളുടെ മകന് മാതാവിന്റെ സ്ഥിരമായ സാന്നിധ്യവും പരിചരണവും ആവശ്യമായതിനാൽ ടിയാളുടെ അപേക്ഷ അനുകമ്പാർഹമായി പരിഗണിച്ച് നിലവിലുള്ള ചട്ടങ്ങളിൽ ഇളവു നൽകി ശ്രീമതി സംഗീത എസ് നായർക്ക് തിരുവനന്തപുരം ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്ന കാര്യം സർക്കാർ തലത്തിൽ ഉത്തരവാകണമെന്നും ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടർ അപേക്ഷിച്ചിരുന്നു.

4. 02.12.1991- ലെ ജി.ഒ.(പി) 36/91/P&ARD ഉത്തരവിലെ ഖണ്ഡിക 5 പ്രകാരം മാനുഷിക പരിഗണന അർഹിക്കുന്ന കേസുകളിൽ അഞ്ചുവർഷത്തെ സേവന വ്യവസ്ഥയിൽ ഇളവ് വരുത്തണമെങ്കിൽ മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്.

തുടർന്നും സ്ഥലംമാറ്റത്തിനുള്ള ആവശ്യകത വ്യക്തമാക്കിക്കൊണ്ടുള്ള ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സമർപ്പിക്കേണ്ടത്.

5. ഭാരതീയ ചികിത്സാ വകുപ്പിൽ ആലപ്പുഴ ജില്ലയിൽ വള്ളികുന്നം ഗവ. ആയുർവേദ ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് ഗ്രേഡ്-2 ആയി ജോലി ചെയ്തു വരുന്ന ശ്രീമതി സംഗീത എസ് നായരുടെ 14.01.2020 -ൽ ജനിച്ച ഋതുകേശ് കെ.എസ്. എന്ന കുട്ടിയ്ക്ക് അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും പരിശോധിച്ചതിൽ കിഡ്നി സംബന്ധമായ അസുഖം ആണെന്ന് കാണുന്നുണ്ടെന്നും അപേക്ഷകയുടെ മകന്റെ തുടർ ചികിത്സയ്ക്കായി മാതാവിന്റെ സാന്നിദ്ധ്യം അനിവാര്യമാണെന്നും, ടി സാഹചര്യത്തിൽ ടിയാളുടെ അപേക്ഷ അനുകമ്പാപൂർവ്വം പരിഗണിക്കാവുന്നതാണെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

6. ശ്രീമതി സംഗീത എസ് നായർക്ക് മാനുഷിക പരിഗണന നൽകി നിലവിലുള്ള വ്യവസ്ഥകൾക്ക് ഇളവ് നൽകി ആലപ്പുഴ ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കുന്നതു സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

ആലപ്പുഴ ജില്ലയിൽ വള്ളികുന്നം സർക്കാർ ആയുർവേദ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-2 തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സംഗീത എസ് നായർക്ക് , 02.12.1991 സ.ഉ(പി)നം. 36/91/' P&ARD നം. ഉത്തരവിലെ ഖണ്ഡിക 5-ലെ വ്യവസ്ഥ പ്രകാരം മാനുഷിക പരിഗണന നൽകി അന്തർജില്ലാ സ്ഥലംമാറ്റത്തിന് അഞ്ചുവർഷം സേവനം പൂർത്തിയാക്കണമെന്ന നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് വരുത്തി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ആലപ്പുഴ ജില്ലയിൽ നിന്നും തിരുവനന്തപുരം ജില്ലയിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം നൽകാമോ?